# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1800** **04.10.2011-ൽ മറുപടിക്ക്**

**പെൻഷൻ കുടിശ്ശിക തീർപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | കർഷക തൊഴിലാളിപെൻഷൻ നൽകുന്നതിൽ നിലവിൽ കുടിശ്ശികയുണ്ടോ; എന്നു വരെയുള്ള പെൻഷൻ നിലവിൽ കൊടുത്തു തീർത്തു; | എ) | ഇടുക്കി ജില്ലയിലെ 4 ഗ്രാമപഞ്ചായത്തുകളും കണ്ണൂർ ജില്ലയിലെ 8 ഗ്രാമപഞ്ചായത്തുകളും ഒഴികെയുള്ള ഗ്രാമപഞ്ചായത്തുകളിലെല്ലാം പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. കർഷക തൊഴിലാളി പെൻഷന് 2011 സെപ്തംബർ മാസം വരെയുള്ള അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ട്. നിലവിൽ കുടിശ്ശികയില്ല. |
| ബി) | ഓണത്തിന് മുമ്പ് അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കുള്ള പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നിവ കൊടുത്തു തീർക്കാത്ത വൈപ്പിൻ മണ്ഡലത്തിലെ പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | ബി) | 1. വൈപ്പിൻ നിയോജക മണ്ഡലത്തിലെ മുളവ്കാട്, കടമക്കുടി എന്നീ ഗ്രാമപഞ്ചായത്തുകളിൽ കർഷകത്തൊഴിലാളി പെൻഷൻ ഒഴികെ ബാക്കി എല്ലാ പെൻഷനുകളും ഓണത്തിനു മുമ്പ് യഥാക്രമം 5.9.2011, 7.9.2011 എന്നീ തീയതികളിൽ അയച്ചിട്ടുണ്ട്.<br>2. ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിൽ വാർദ്ധക്യകാല പെൻഷൻ ഒഴികെയുള്ള മറ്റു പെൻഷനുകൾ ഓണം കഴിഞ്ഞാണ് അയച്ചിട്ടുള്ളത്.<br>3. പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ വാർദ്ധക്യകാല പെൻഷനും അവിവാഹിത പെൻഷനും ഒഴികെയുള്ള മറ്റ് പെൻഷനുകൾ ഓണം കഴിഞ്ഞാണ് അയച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ